بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 24.08.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*24.08.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയരായ ബദരീസഹാബാക്കൾ ഹദ്റത്ത് ആസിം ബ്നു സാബിത്, ഹദ്റത്ത് സഹൽ ബ്നു ഹനീഫ്, ഹദ്റത്ത് ജബ്ബാർ ബ്നു സഖർ എന്നിവരുടെ വിശ്വാസം തുളുമ്പുന്ന, ഹൃദയഹാരിയായ ചരിത്രസംഭവങ്ങൾ.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു:

നബി(സ)തിരുമേനിയുടെ ഒരു സഹാബിയായിരുന്നു ഹദ്റത്ത് ആസിം ബ്നു സാബിത്ത്. സാബിത്ത് ബ്നു ഖൈസ് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. മാതാവിന്റെ പേര് ശമൂസ് ബിൻത് അബൂ ആമിർ എന്നായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ജഹ്ശും ഇദ്ദേഹവും തമ്മിൽ നബി(സ) തിരുമേനി സാഹോദര്യം സ്ഥാപിച്ചു. ഉഹ്ദ് യുദ്ധവേളയിൽ അവിശ്വാസികൾ അപ്രതീക്ഷിതമായി ശക്തമായ ആക്രമണം നടത്തിയതു കാരണം മുസ്‌ലിംകൾ വിരണ്ടോടിയപ്പോൾ ഹദ്റത്ത് ആസിം നബി(സ)തിരുമേനിയോടൊപ്പം പതറാതെ നിന്നു. മരണം വരിക്കാൻ പോലും തയ്യാറാണെന്ന് അദ്ദേഹം തിരുമേനിയോട് പ്രതിജ്ഞ ചെയ്തിരുന്നു. തിരുമേനി നിശ്ചയിച്ച വില്ലാളികളിൽ ഇദ്ദേഹം ഉൾപ്പെട്ടിരുന്നു. ഔസ് ഗോത്രക്കാരനായിരുന്ന ഇദ്ദേഹം ബദർ യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്. നിങ്ങൾ ശത്രുക്കളുടെ മുൻപിലെത്തിയാൽ അവരോടെങ്ങനെ പൊരുതുമെന്ന് നബി(സ) ചോദിച്ചു. ഹദ്റത്ത് ആസിം പറഞ്ഞു: “അല്ലാഹുവിന്റെ റസൂലേ, അമ്പെയ്താൽ എത്തുന്ന അകലത്തിലാണ് ശത്രുസമൂഹം ഉള്ളതെങ്കിൽ അമ്പെയ്യും; കല്ലെറിഞ്ഞാൽ എത്തുന്ന അകലത്തിലാണെങ്കിൽ അവരുടെ നേരെ കല്ലെറിയും; കുന്തം കൊണ്ട് യുദ്ധം ചെയ്യേണ്ട അകലത്തിലാണെങ്കിൽ കുന്തം കൊണ്ട് ആക്രമിക്കും; ഇനി കുന്തം ഒടിഞ്ഞു പോകുന്ന പക്ഷം വാളുകൾ കൊണ്ട് യുദ്ധം ചെയ്യുന്നതാണ്.” ഇങ്ങനെയാണ് യുദ്ധം ചെയ്യേണ്ടതെന്ന് നബി(സ) പറഞ്ഞു. ശേഷം അവിടുന്ന് പറഞ്ഞു: “യുദ്ധം ചെയ്യുന്നവർ ആസിം പറഞ്ഞ രീതിയിൽ ചെയ്യട്ടെ.”

ഒരു രിവായത്തിൽ വന്നിരിക്കുന്നു: ഒരുപാട് യുദ്ധം ചെയ്തതു കാരണം വളഞ്ഞു പോയ തന്റെ വാളുമായി ഹദ്റത്ത് അലി ഉഹ്ദ് ദിവസം തിരിച്ചെത്തി. ഈ മഹനീയ ഖഡ്ഗം സൂക്ഷിക്കുക, യുദ്ധരംഗത്ത് ഇത് നല്ലവണ്ണം പ്രയോജനപ്പെട്ടു എന്ന് ഹദ്റത്ത് അലി(റ) ഹദ്റത്ത് ഫാത്തിമയോട് പറയുന്നതു കേട്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: “നിങ്ങളിന്ന് ഗംഭീരമായ വാൾപയറ്റ് നടത്തിയിട്ടുണ്ടെങ്കിൽ തന്നെ സഹൽ ബ്നു ഹനീഫും അബൂദജാനയും ആസിം ബ്നു സാബിത്തും ഹാരിസ് ബ്നു സുമയും മികച്ച വാൾ പയറ്റ് ആണ് നടത്തിയത്”.

ഹിജ്റ 4ന് സഫർ മാസത്തിൽ അസൽ, ഖാറ എന്നീ ഗോത്രങ്ങളിലെ ചിലയാളുകൾ നബി(സ)തിരുമേനിയുടെ സമക്ഷം ഹാജരായിക്കൊണ്ട് പറഞ്ഞു: “ഞങ്ങളുടെ ഗോത്രങ്ങളിലെ അനേകം പേർ ഇസ്‌ലാമിൽ ആകൃഷ്ടരാണ്. ഞങ്ങളെ മുസ്‌ലിംകളാക്കി ഇസ്‌ലാമികധ്യാപനം നല്കുന്നതിനായി അങ്ങ് ചിലരെ ഞങ്ങളോടൊപ്പം അയച്ചാലും!”

ആസിം ബ്നു സാബിത്തിന്റെ നേതൃത്വത്തിൽ പത്തു പേരടങ്ങുന്ന ഒരു സംഘത്തെ നബി(സ) അവരോടൊപ്പം അയച്ചു. വാസ്തവത്തിൽ ഇവർ കളവു പറയുകയായിരുന്നു. തന്റെ പ്രമാണിയായ സുഫിയാൻ ബ്നു ഖാലിദിന്റെ കൊലയ്ക്കു പ്രതികാരം ചെയ്യുന്നതിന് മുസ്‌ലിംകളെ മദീനയ്ക്കു പുറത്തെത്തിച്ച് അവരെ ആക്രമിക്കാൻ ബനൂ ലഹ്‌യാൻ ഗോത്രം ഗൂഢതന്ത്രം ആവിഷ്ക്കരിച്ചിരുന്നു. അവരുടെ പ്രേരണയാലാണ് ഇവർ മദീനയിൽ വന്നത്. അസൽ, ഖാറ എന്നീ ഗോത്രങ്ങളിലെ ജനങ്ങൾക്ക് ഈ സേവനത്തിന്റെ പ്രത്യുപകാരമെന്നോണം അവർ ഒട്ടേറെ ഒട്ടകങ്ങളെ സമ്മാനമായി നല്കാൻ നിശ്ചയിച്ചിരുന്നു. ഈ രണ്ടു ഗോത്രങ്ങളിലെയും വഞ്ചകർ അസ്ഫാനും മദീനയ്ക്കുമിടയിലുള്ള സ്ഥലത്തെത്തിയപ്പോൾ മുസ്‌ലിംകൾ തങ്ങളുടെ കൂടെ വരുന്നുണ്ടെന്നും അവരെ കൊല്ലാനായി വന്നുകൊള്ളുക എന്നും ബനൂ ലഹ്‌യാൻ ഗോത്രത്തിന് അവർ രഹസ്യ വിവരം നല്കി. അങ്ങനെ ബനൂലഹ്‌യാൻ ഗോത്രത്തിലെ നൂറ് വില്ലാളികളടങ്ങുന്ന 200 യുവാക്കൾ മുസ്‌ലിംകളെ പിന്തുടരാൻ തയ്യാറാവുകയും റജീഅ് എന്ന സ്ഥലത്ത് അവരെ വളയുകയും ചെയ്തു. ആസിമും കൂട്ടരും അവരെ നേരിട്ടെങ്കിലും പൊരുതി ശഹീദാവുകയായിരുന്നു. ആസിമിന്റെ ശഹാദത്തിനെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ ശിരസ്സോ ശരീരത്തിന്റെ മറ്റു ഭാഗമോ മുറിച്ചു കൂടെ കൊണ്ടു വരാൻ ഖുറൈശികൾ ആളെ പറഞ്ഞയച്ചു. ബദറിൽ ഖുറൈശി നേതാവിനെ ആസിം വകവരുത്തിയിരുന്നതിനാൽ പ്രതികാരദാഹികളായ അവർക്ക് കണ്ടു തൃപ്തി വരാൻ വേണ്ടിയായിരുന്നു അത്. എന്നാൽ തേനീച്ചകളും കടന്നലുകളും

അദ്ദേഹത്തിന്റെ മൃതശരീരത്തെ സംരക്ഷിച്ചു. അങ്ങനെ അവർക്ക് തങ്ങളുടെ ദുരുദ്ദേശ്യത്തിൽ വിജയിക്കാനായില്ല. ആസിം ശത്രുക്കൾക്കെതിരെ അമ്പെയ്തു കൊണ്ടിരിക്കുമ്പോൾ കൂടെ ഒരു കവിതയും ചൊല്ലിക്കൊണ്ടിരുന്നുവെന്ന് നിവേദനങ്ങളിൽ കാണാം. ആ കവിതയുടെ അർഥം ഇങ്ങനെയാണ്: "മരണം യാഥാർഥ്യമാണ്; ജീവിതം നിഷ്പ്രയോജനവും. അല്ലാഹു മനുഷ്യനെസ്സംബന്ധിച്ച് എന്തൊന്ന് തീരുമാനിക്കുന്നുവോ അതേ നടക്കുകയുള്ളു. മനുഷ്യന് ആ തീരുമാനം അംഗീകരിക്കേണ്ടതായി വരും."

ആസിമിന്റെ അസ്ത്രങ്ങൾ തീർന്നതോടെ അദ്ദേഹം കുന്തം കൊണ്ട് പൊരുതാൻ തുടങ്ങി. കുന്തം മുറിഞ്ഞപ്പോൾ അദ്ദേഹം വാളെടുത്തു പൊരുതിക്കൊണ്ടാണ് മരിച്ചത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: രണ്ടാമതായി ഞാൻ സ്മരിക്കാൻ ആഗ്രഹിക്കുന്ന സഹാബി ഹദ്റത്ത് സഹൽ ബ്നു ഹനീഫ് അൻസാരിയാണ്. ഹനീഫ് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. മാതാവിന്റെ പേര് ഹിന്ദ് ബിൻത് റാഫിഅ് എന്നായിരുന്നു. മാതാവിൽ നിന്ന് അദ്ദേഹത്തിന് രണ്ടു സഹോദരന്മാരുണ്ടായിരുന്നു; അബ്ദുല്ലായും നുഅ്മാനും. അവരുടെ സന്താനങ്ങളിൽ അസദും ഉസ്മാനും സഅദുമായിരുന്നു ആൺകുട്ടികളായി ഉണ്ടായിരുന്നത് . ഹദ്റത്ത് സഅദിന്റെ സന്താനങ്ങൾ മദീനയിലും ബാഗ്ദാദിലും താമസിച്ചു പോന്നു. അദ്ദേഹത്തിനും ഹദ്റത്ത് അലിക്കുമിടയിലാണ് നബി(സ) സാഹോദര്യം സ്ഥാപിച്ചത്. ബദർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് സഹൽ ബ്നു ഹനീഫ് ഉന്നത പദവിയുള്ള സഹാബിയായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായിരുന്നു. ഇബ്നു ഹൈനിയ നിവേദനം ചെയ്യുന്നു: ബനീനളീറിന്റെ സമ്പത്തിൽ നിന്ന് നബി(സ) തിരുമേനി ഹദ്റത്ത് സഹൽ ബ്നു ഹനീഫിനും ഹദ്റത്ത് അബൂദജാനക്കുമല്ലാതെ അൻസാറിൽ നിന്നുള്ള മറ്റാർക്കും വീതം നല്കിയില്ല. കാരണം, ഇവർ രണ്ടു പേരും ദരിദ്രരായിരുന്നു.

ഉഹ്ദ് ദിവസം ചങ്കുറപ്പോടെ സ്ഥിരചിത്തരായി നിന്ന ഉന്നതപദവിയുള്ള സഹാബികളിൽ ഹദ്റത്ത് സഹൽ ബ്നു ഹനീഫ് ഉൾപ്പെടുന്നു. അന്നേ ദിവസം താൻ മരിക്കാൻ തയ്യാറാണെന്ന് അദ്ദേഹം തിരുമേനിയോട് പ്രതിജ്ഞ ചെയ്തു. ശത്രുക്കളുടെ ശക്തമായ ആക്രമണം കാരണം മുസ്‌ലിം സൈന്യം ചിതറുകയും ശത്രുക്കൾ തിരുമേനിയുടെ നേർക്ക് അമ്പെയ്യുകയും ചെയ്തപ്പോൾ നബി തിരുമേനിയുടെ മുൻപാകെ പതറാതെ പരിച കണക്കെ അദ്ദേഹം നിലകൊണ്ടു. നബി(സ)തിരുമേനി പറഞ്ഞു: "സഹലിന് അസ്ത്രം നല്കൂ; അസ്ത്രവിദ്യ അദ്ദേഹത്തിന് നല്ല വശമാണ്."

ബനൂനളീർ ഗോത്രത്തിനെ വളഞ്ഞിരുന്ന ദിവസങ്ങളിൽ ഗസൂൽ എന്നുപേരായ, കുന്തം കൊണ്ട് ആക്രമിക്കാൻ വിദഗ്ദ്ധനായ യഹൂദി ഒരു സംഘവുമായി മുസ്‌ലിംകളെ വക വരുത്താൻ നിശ്ചയിച്ചു കൊണ്ട് പുറപ്പെട്ടു. ഹദ്റത്ത് അലി തക്കം കിട്ടിയപ്പോൾ ഗസൂലിനെ വധിച്ചു. അയാളുടെ കൂടെ ഉണ്ടായിരുന്നവർ ഓടിപ്പോയി. ഇവരെ ശിക്ഷിക്കുന്നതിനു വേണ്ടി ഹദ്റത്ത് അലിയുടെ നേതൃത്വത്തിൽ പത്തു പേരടങ്ങുന്ന ഒരു സംഘത്തെ നബി(സ)തിരുമേനി അയച്ചു. ആ സംഘം അവരെ പിന്തുടർന്ന് വധിച്ചു കളഞ്ഞു. അവർ യുദ്ധം ചെയ്യാനും ഒളിച്ചിരുന്ന് ആക്രമിച്ചു കൊല്ലാനും വേണ്ടി പുറപ്പെട്ടതുകൊണ്ടാണ് അവരെ വക വരുത്തിയത്. ആ സംഘത്തിൽ ഹദ്റത്ത് അലിയോടൊപ്പം ഹദ്റത്ത് അബൂദജാനയും ഹദ്റത്ത് സഹൽ ബ്നു ഹനീഫും ഉണ്ടായിരുന്നു.

ഖൈബർ വിജയത്തെ തുടർന്ന് നബി(സ)തിരുമേനിയുടെ സൈന്യം വാദിയെ ഖുറാ എന്ന സ്ഥലത്ത് ഇറങ്ങിയപ്പോൾ യഹൂദികൾ നേരത്തെ തന്നെ യുദ്ധത്തിന് തയ്യാറായി നില് പ്പുണ്ടായിരുന്നു. നബി(സ) ഉടനെത്തന്നെ അണിനിരക്കാൻ കല്പിച്ചു. പതാക ഹദ്റത്ത് സഅദ് ബ്നു ഉബാദക്ക് നല്കുകയും കൊടികളിൽ ഒന്ന് ഹദ്റത്ത് ഖബ്ബാബ് ബ്നു മുന്ദിറിനെയും രണ്ടാമത്തെത് ഹദ്റത്ത് സഹൽ ബ്നു ഹനീഫിനെയും മൂന്നാമത്തെത് ഹദ്റത്ത് ഇബാദ് ബ്നു ബശറിനെയും ഏല്പിച്ചു. ഈ യുദ്ധത്തിൽ ഈ പ്രദേശമെല്ലാം മുസ് ലിംകളുടെ കീഴിലായി.

ഹദ്റത്ത് സഹൽ ബ്നു ഹനീഫിൽ നിന്ന് നിവേദനം: "നബി(സ)തിരുമേനി എന്നെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു: 'മക്കയിലേക്ക് എന്റെ ഭാഗത്തു നിന്നുള്ള ദൂതനാണ് നിങ്ങൾ. അതുകൊണ്ട് നിങ്ങൾ പോയി എന്റെ സലാം അവർക്കെത്തിക്കുക. അല്ലാഹുവിന്റെ റസൂൽ മൂന്നു കാര്യങ്ങൾ നിങ്ങളോട് കല്പിക്കുന്നുവെന്ന് പറയുക. പിതാവിനെക്കൊണ്ടും പിതാമഹനെക്കൊണ്ടും സത്യം ചെയ്യരുത്; പ്രാഥമികാശ്യങ്ങൾ നിർവഹിക്കുമ്പോൾ ഖിബ്‌ലയ്ക്ക് പുറം തിരിഞ്ഞ് ഇരിക്കരുത്; തെക്ക് വടക്കായിട്ടാണ് ഇരിക്കേണ്ടത്'. എല്ലുകൊണ്ടും ചാണകം കൊണ്ടും ശൗച്യം ചെയ്യരുത് എന്നതായിരുന്നു മൂന്നാമത്തെ ഉപദേശം."

ഹദ്റത്ത് അലി(റ)യിൽ ബൈഅത്ത് ചെയ്തതു തൊട്ട് ഹദ്റത്ത് സഹൽ ബ്ൻ ഹനീഫ് അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഹദ്റത്ത് അലി ബസറയിലേക്ക് പുറപ്പെട്ടപ്പോൾ ഹദ്റത്ത് സഹലിനെയാണ് തന്റെ പകരക്കാരനായി നിശ്ചയിച്ചത്. സിഫ്ഫീൻ യുദ്ധത്തിൽ ഹദ്റത്ത് അലിയോടൊപ്പം അദ്ദേഹം പങ്കെടുത്തു. അദ്ദേഹത്തെ പേർഷ്യയുടെ ഗവർണറായി നിശ്ചയിച്ചത് ഹദ്റത്ത് അലിയാണ്. ഹിജ്റ 38ന് സിഫ് ഫീൻ യുദ്ധം കഴിഞ്ഞ് മടക്കത്തിൽ കൂഫയിൽ വെച്ചാണ് ഹദ്റത്ത് സഹൽ ബ്നു ഹനീഫ് വഫാത്താകുന്നത്. ഹദ്റത്ത് അലിയാണ് ജനാസ

നമസ്കരിപ്പിച്ചത്. ഹദ്റത്ത് ഹൻശ് ബ്നു മുഅത്തർ നിവേദനം ചെയ്യുന്നു: ഹദ്റത്ത് സഹൽ ബ്നു ഹനീഫ് വഫാത്തായപ്പോൾ ഹദ്റത്ത് അലി അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതിന് മൈതാനത്തേക്ക് വന്നു. ഹദ്റത്ത് അലി ജനാസ നമസ്കാരത്തിൽ 6 തക്ബീറുകൾ ചൊല്ലി. ചിലർക്ക് ഇത് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ബദ്രീ സഹാബിയാണെന്ന് അദ്ദേഹം ജനങ്ങളോടു പറഞ്ഞു. ജനാസ ജബാന എന്ന സ്ഥലത്തെത്തിയപ്പോൾ ഹദ്റത്ത് ഖർസ ബ്നു കഅബ് ചിലരോടൊപ്പം വരുന്നത് കണ്ടു. അദ്ദേഹം ഹദ്റത്ത് അലിയോട് പറഞ്ഞു; "അല്ലയോ അമീറുൽ മുഅ്മിനീൻ ഞങ്ങൾക്ക് ഹദ്റത്ത് സഹൽ ബ്നു ഹനീഫയുടെ ജനാസ നമസ്കാരത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല."

ഹദ്റത്ത് അലി അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കാൻ അനുവാദം നല്കി. അങ്ങനെ അവർ ഹദ്റത്ത് ഖർസ ബ്നു കഅബിന്റെ ഇമാമത്തിൽ ജനാസ നമസ്കരിച്ചു.

ഞാൻ വിവരിക്കാൻ പോകുന്ന മൂന്നാമത്തെ സഹാബി സഖർ ബ്നു ഉമയ്യയുടെ മകനായ ഹദ്റത്ത് ജബ്ബാർ ബ്നു സഖർ ആണ്. ഹദ്റത്ത് ജബ്ബാർ രണ്ടാം ഉഖ്ബാ ഉടമ്പടിയിൽ 70 അൻസാറുകളോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ജബ്ബാറും ഹദ്റത്ത് മിഖ്ദാദ് ബ്നു അംറും തമ്മിൽ നബി(സ) സാഹോദര്യം സ്ഥാപിച്ചു. ബദർ യുദ്ധ സമയത്ത് അദ്ദേഹത്തിന് 32 വയസ്സായിരുന്നു. ഈത്തപ്പഴം വിളവെടുക്കുമ്പോൾ അളക്കു ന്നതിനായി ഖൈബർ തുടങ്ങിയ പ്രദേശങ്ങളിലേക്ക് നബി(സ) അദ്ദേഹത്തെ അയക്കാറുണ്ടായിരുന്നു. ഹിജ്റ 30ന് ഹദ്റത്ത് ഉസ്മാന്റെ(റ) ഖിലാഫത്ത് കാലത്ത് മദീനയിലാണ് അദ്ദേഹം വഫാത്തായത്. വഫാത്താകുമ്പോൾ അദ്ദേഹത്തിന് 62 വയസ്സായിരുന്നു. ഹദ്റത്ത് ജബ്ബാർ ബദർ, ഉഹ്ദ്, ഖന്തക്ക് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ബദർ യുദ്ധദിനത്തിൽ നബി(സ) ഇപ്രകാരം ദുആ ചെയ്തു: **അല്ലാഹുമ്മ ഇക്ഫിനീ നൗഫൽ ബ്നു ഖുവൈലിദ്.** "അല്ലാഹുവേ, മക്കാ മുശ്രിക്കീങ്ങളുടെ നേതാവായ നൗഫൽ ബ്നു ഖുവൈലിദിനെതിരെ നീ ഞങ്ങൾക്ക് മതിയായവനാകണമേ." ഹദ്റത്ത് ജബ്ബാർ ബ്നു സഖർ ആയിരുന്നു അയാളെ പിടികൂടിയതെന്ന് നിവേദനമുണ്ട്. ഹദറത്ത് അലി വന്ന് അയാളെ കൊല്ലുകയായിരുന്നു. നൗഫലിനെക്കുറിച്ച് ആർക്കെങ്കിലും വല്ല വിവരമുണ്ടോ എന്ന് നബി(സ)തിരുമേനി അന്വേഷിച്ചപ്പോൾ താൻ അയാളെ കൊന്നുവെന്ന് ഹദ്റത്ത് അലി അറിയിച്ചു. തുടർന്ന് നബി(സ) ഇപ്രകാരം ദുആ ചെയ്തു: എന്റെ ദുആ സ്വീകരിച്ച അല്ലാഹുവിനാകുന്നു സർവസ്തുതിയും!

നബി(സ) മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ അവിടുന്ന് തന്റെ വീട്ടിൽ താമസിക്കണമെന്ന് ഓരോരുത്തരും ആഗ്രഹിച്ചു. ഇതുസംബന്ധമായി അനവധി നിവേദനങ്ങൾ വന്നിട്ടുണ്ടെങ്കിലും നബി(സ) പറഞ്ഞത്, "എന്റെ ഒട്ടകം ഇരിക്കുന്നിടത്തായിരിക്കും ഞാൻ താമസിക്കുക" എന്നാണ്. ഒട്ടകം മദീനയിലെ തെരുവുകളിലൂടെ കടന്നു പോയി മസ്ജിദ് നബവിയുടെ കവാടം സ്ഥിതി ചെയ്യുന്നിടത്ത് വന്നിരുന്നു. ആ സന്ദർഭത്തിൽ ഒട്ടകം ബനൂസൽമയുടെ മഹല്ലയിലാണ് പോയി ഇരുന്നത് എന്ന് കണ്ട് ഹദ്റത്ത് ജബ്ബാർ ബ്നു സഖർ അതിനെ എഴുന്നേൽപ്പിക്കാൻ ശ്രമിക്കുമ്പോഴെക്കും നബി(സ) ഒട്ടകപ്പുറത്തു നിന്നിറങ്ങുകയും ഇവിടെയായിരിക്കും നമ്മുടെ താമസം എന്ന് പറയുകയും ചെ യ്തു. തുടർന്ന് അവിടുന്ന് ഈ വചനം ഓതി : **വഖുൽ റബ്ബി അൻസിൽനീ മുൻസലൻ മുബാറക്കൻ വ അൻത ഖൈറുൽ മുൻസിലീൻ**. എന്റെ നാഥാ! അനുഗൃഹീത സ്ഥലത്ത് നീ എന്നെ ഇറക്കേണമേ. ഇറക്കുന്നവനിൽ നീ ഏറ്റവും ഉത്തമനാകുന്നു.

തുടർന്ന് ആരാണ് ഏറ്റവും സമീപമെന്ന് തിരുമേനി അന്വേഷിച്ചു. ഹദ്റത്ത് അബൂ അയ്യൂബ് അൻസാരി പറഞ്ഞു: ഞാനാണ് അല്ലാഹുവിന്റെ ദൂതരേ, ഇതെന്റെ വീടാണ്; ഇതു വാതിലും. അങ്ങയുടെ കട്ടിൽ ഞങ്ങൾ അകത്തു വെച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: ശരി, എനിക്ക് വിശ്രമിക്കാൻ ഒരിടം ഒരുക്കുക. അങ്ങനെ അവർ പോയി തിരുമേനിക്ക് വിശ്രമിക്കാനുള്ള സ്ഥലം ഒരുക്കി.

മുസ്ലിംകളുടെ കഠിന വിരോധിയായിരുന്ന ശഅസ് ബ്നു ഖൈസ് ഒരിക്കൽ വളരെ സ്നേഹവാത്സല്യങ്ങളോടെ സംസാരിച്ചു കൊണ്ടിരുന്ന മുസ്ലിം സദസ്സിലൂടെ കടന്നു പോയി. മുസ്ലിംകളുടെ പരസ്പരമുള്ള സ്നേഹപെരുമാറ്റം കണ്ട അയാൾക്ക് ദേഷ്യം വന്നു. അയാൾ പറഞ്ഞു: "ബനൂ ഖൈലയുടെ നേതാവ് ഈ പ്രദേശത്തുണ്ട്. അവരുടെ നേതാക്കൾ പരസ്പരം ഒരുമിക്കുവോളം ഞങ്ങൾ തൃപ്തി വരില്ല." അയാൾ തന്റെ കൂടെ ഉണ്ടായിരുന്ന യഹൂദി യുവാവിനോട് അവരോടൊപ്പം ചെന്നിരിക്കാനും ബആസ് യുദ്ധത്തെയും അതിനു മുൻപുണ്ടായിരുന്ന അവസ്ഥകളെയും കുറിച്ച് പറഞ്ഞു കൊണ്ട് അവർ ഒരാൾ മറ്റൊരാൾക്കെതിരിൽ ചൊല്ലാറുണ്ടായിരുന്ന കവിതകൾ കേൾപ്പിക്കാനും ചട്ടം കെട്ടുകയുണ്ടായി. പറഞ്ഞതു പോലെ തന്നെ അയാൾ ചെയ്തു. അയാളുടെ ഈ തന്ത്രം ഫലിക്കുകയും അവിടെ സ്നേഹത്തോടെ ഇരുന്നവർ ഈ ഫിത്ന കാരണം പരസ്പരം കഠിന വാക്കുകൾ പറയാൻ തുടങ്ങുകയും ചെയ്തു. അവരിൽപ്പെട്ട ഹദ്റത്ത് ഔസ് ബ്നു ഖൈസിയും ഹദ്റത്ത് ജബ്ബാർ ബ്നു സഖറും പരസ്പരം ഇടയുന്ന സാഹചര്യം വരെ എത്തി. വേണമെങ്കിൽ നമുക്ക് ഇപ്പോൾ തന്നെ യുദ്ധം തുടങ്ങാമെന്നും അവരിലൊരാൾ പറഞ്ഞു.

നബി(സ) തിരുമേനി ഈ വാർത്ത അറിഞ്ഞപ്പോൾ അവിടുന്ന് ഔസ്, ഖസ്റജ് ഗോത്രങ്ങളുടെ അടുത്തെത്തി. മുഹാജിറുകളായ സഹാബികളും കൂടെ ഉണ്ടായിരുന്നു. അവിടുന്ന് പറഞ്ഞു: മുസ്ലിംകളുടെ സംഘമേ, അല്ലാഹുവിനെ ഭയപ്പെടുക, അല്ലാഹുവിനെ ഭയപ്പെടുക, ഞാൻ നിങ്ങളുടെ ഇടയിൽ ഉണ്ടല്ലോ, അല്ലാഹു നിങ്ങളെ ഇസ്ലാമിൽ വഴിനടത്തുകയും ചെയ്തു, നിങ്ങൾക്ക് ആദരവു നല്കുകയും ജാഹിലിയ്യത്തിന്റെ കാര്യങ്ങൾ അവസാനിപ്പിക്കുകയും ചെയ്തു. എന്നിട്ടും നിങ്ങൾ ജാഹിലിയ്യാ കാലത്തെ വാദങ്ങൾ ഉന്നയിക്കുകയാണോ? സാത്താനിക ദുർബോധനമായിരുന്നു ഇതെന്ന് സഹാബാക്കൾക്ക് മനസ്സിലായി. ശത്രുക്കളുടെ ഗൂഢതന്ത്രമായിരുന്നു. അങ്ങനെ അവർ ആയുധം വലിച്ചെറിഞ്ഞ് കരയാൻ തുടങ്ങി. ഔസ്, ഖസ്റജ് ഗോത്രങ്ങളിലെ അംഗങ്ങൾ പരസ്പരം ആലിംഗനം ചെയ്യാൻ തുടങ്ങി. നബി(സ) തിരുമേനിയുടെ മുൻപാകെ തലകുനിച്ച് അനുസരണം ഏറ്റുപറഞ്ഞ് തിരിച്ചുപോയി. ശഅസ് ബ്നു ഖൈസ് കൊളുത്തിയ തീ അല്ലാഹു അണച്ചു കളഞ്ഞു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: അതായിരുന്നു ആ സഹാബാക്കളുടെ അവസ്ഥ. ഒരു സമയം സാത്താന്റെ വഞ്ചനയിൽ അകപ്പെട്ടെങ്കിലും അവർക്ക് ബോധ്യപ്പെടുത്തിക്കൊടുത്തപ്പോൾ, ജഹാലത്തിലേക്ക് വീണ്ടും എന്തിനു പോകുന്നു എന്ന നബി(സ) പറഞ്ഞപ്പോൾ ഉടനെ അവർ പശ്ചാത്തപിക്കുകയും രഞ്ജിപ്പിലെത്തുകയും ചെയ്തുവെന്ന് മാത്രമല്ല, സ്നേഹവും സാഹോദര്യവും പ്രകടിപ്പിച്ചു. ഇതായിരുന്നു ആ മാതൃക! നിസ്സാര കാര്യങ്ങൾക്കു വേണ്ടി മിഥ്യാഭിമാനത്തിലും അഹങ്കാരത്തിലും അകപ്പെട്ടുപോകുന്നവർക്ക് ഇത് മഹത്തായ മാതൃകയാണ്. പരസ്പരം രക്തത്തിനു വേണ്ടി ദാഹിച്ചിരുന്ന യുദ്ധം ചെയ്തിരുന്നവർ സാഹോദരങ്ങളായെങ്കിൽ ഒരു കലിമ ചൊല്ലുന്ന ഒരേ ജമാഅത്തിൽ ജനിച്ചവർക്ക് തങ്ങളുടെ അഹങ്കാരത്തെ എന്തുകൊണ്ട് അവസാനിപ്പിച്ചു കൂടാ. ഒരുപാട് കേസുകൾ ഇത്തരത്തിൽ വരാറുണ്ട്. മിഥ്യാഭിമാനം കാരണത്താൽ സംഘർഷം ഉണ്ടാകുന്നു. തങ്ങൾ സ്വന്തം കുടുംബങ്ങളിൽ വിവാഹം കഴിക്കാൻ ആഗ്രഹിക്കു ന്നുവെന്നും കുടുംബവഴക്കും മുതിർന്നവരും കാരണം വിവാഹം നടക്കുന്നില്ലെന്നും ചില യുവാക്കൾ എഴുതാറുണ്ട്. അത്തരം ആളുകൾ ചിന്തിക്കുക, സനേഹത്തിന്റെ അധ്യാപനം നല്കിയ ഇതേ അല്ലാഹു തന്നെയാണ് ഐക്യത്തിന്റെ, ഏകസമൂഹമായി ജീവിക്കേണ്ടതിന്റെ അധ്യാപനം നല്കിയത്. നാം ഏകസമൂഹമായി ജീവിക്കണം. നാം വീണ്ടും മിഥ്യാഭിമാനത്തിൽ അകപ്പെടരുത്. അല്ലാഹു ഏവർക്കും ബുദ്ധി നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 24.08.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516